**A** | **404**

# സമഗ്ര ശിക്ഷാ, കേരളം
# പാദവാർഷിക മൂല്യനിർണയം 2022-23

## പരിസരപഠനം

**ക്ലാസ് - 4** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്...................................................

വിദ്യാലയത്തിന്റെ പേര് ...................................................

ഡിവിഷൻ.. ...................................................

രക്ഷിതാവിന്റെ ഒപ്പ് ...................................................

അധ്യാപകന്റെ ഒപ്പ് ...................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | കേരളത്തിലൂടെ... | |
| 2 | നാം-നമ്മുടെ പരിസ്ഥിതി | |
| 3 | സസ്യലോകം | |
| 4 | വിത്തിനുള്ളിലെ ജീവൻ | |
| 5 | സ്വാതന്ത്ര്യസമരചരിത്രം | |
| 6 | മിന്നുവിന്റെ ചിത്രശേഖരം | |
| | ഓവറോൾ ഗ്രേഡ് | |

### *നിർദേശങ്ങൾ*

1. ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2. ആദ്യത്തെ പ്രവർത്തനത്തിന് എല്ലാവരും ഉത്തരം എഴുതണം.
3. രണ്ട് മുതൽ 6 വരെയുള്ള പ്രവർത്തനങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.
4. തിരഞ്ഞെടുത്ത ചോദ്യത്തിന്റെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1**

**കേരളത്തിലൂടെ...**

എ) തന്നിരിക്കുന്ന സൂചനകളുടെ സഹായത്തോടെ കേരളത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കൂ.

1956 നവംബർ 1 ന് രൂപം കൊണ്ടു

14 ജില്ലകൾ
തലസ്ഥാനം തിരുവനന്തപുരം

ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപംകൊണ്ട സംസ്ഥാനങ്ങളിലൊന്ന്

പ്രകൃതി സുന്ദരമായ നാട്

ബി) താഴെ തന്നിട്ടുള്ളവയിൽ കേരളത്തിന്റെ സംസ്ഥാന ചിഹ്നങ്ങളായവ കണ്ടെത്തി വട്ടം വരയ്ക്കുക.

തേക്ക്, ആന, അൽമരം. കണിക്കൊന്ന

കരിമീൻ. കടുവ, തെങ്ങ്, വരയാട്


സി) കേരളത്തിലെ ഏറ്റവും ചെറിയ ജില്ല ഏത്?

| |
|---|
| |

**പ്രവർത്തനം 2**

**നാം-നമ്മുടെ പരിസ്ഥിതി**


പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് 'പരിസരമലിനീകരണം' എന്ന വിഷയത്തിൽ മിന്നു വരച്ച ചിത്രമാണ് ചുവടെ നൽകിയിരിക്കുന്നത്?



എ) ചിത്രത്തിലേതുപോലെ പരിസ്ഥിതിയ്ക്ക് ദോഷകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് മനുഷ്യർ നടത്തുന്നത്? പട്ടിക പൂർത്തീകരിക്കൂ.

| | |
|---|---|
| 1 | **വനനശീകരണം** |
| | . |
| | . |
| | ... |
| | ...... |
| | |

ബി) പരിസ്ഥിതി സംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന ഒരു പോസ്റ്റർ തയാറാക്കുവാൻ മിന്നു തീരുമാനിച്ചു. നിങ്ങളും ഒരു പോസ്റ്റർ തയാറാക്കൂ.



സി) ഒരു പ്രത്യേക പ്രദേശത്തെ പരസ്പരം ആശ്രയിക്കുന്ന ജീവീയവും അജീവീയവുമായ ഘടകങ്ങൾ ഉൾപ്പെട്ടതാണ് ഒരു ....................................................


## പ്രവർത്തനം 3

### സസ്യലോകം

എ) തന്റെ വീട്ടുപരിസരത്ത് മിന്നു കണ്ട ചില സസ്യങ്ങളുടെ പേരുകളും പ്രത്യേകതകളുമാണ് താഴെ നൽകിയിരിക്കുന്നത്. തന്നിരിക്കുന്ന വിവരങ്ങൾ ക്രമപ്പെടുത്തി ചുവടെ തന്നിരിക്കുന്ന ആശയഭൂപടം പൂർത്തിയാക്കൂ.

| |
|---|
| തെങ്ങ്, പുല്ല്, ചെമ്പരത്തി, പ്ലാവ്, പയർ, കരിമ്പ്, സമാന്തരസിരാവിന്യാസം, ജാലികാസിരാവിന്യാസം, തായ്‌വേരുപടലം, നാരുവേരുപടലം |

**ആശയഭൂപടം**




ബി) ശരിയോ തെറ്റോ?

തായ്‌വേരുപടലമുള്ള സസ്യങ്ങളിലെ വേരുകൾ കൂടുതൽ ആഴത്തിൽ വളരുന്നു.


പ്രവർത്തനം 4

**വിത്തിനുള്ളിലെ ജീവൻ**

ലഘുപ്രോജക്ടിന്റെ ഭാഗമായി മിന്നു ചെയ്ത വിത്തു മുളപ്പിക്കലിന്റെ വിവിധ ഘട്ടങ്ങളുടെ ചിത്രങ്ങൾ ചുവടെ തന്നിരിക്കുന്നു.



വിത്ത് 1



വിത്ത് 2

എ) ചിത്രങ്ങൾ നിരീക്ഷിച്ച് ചുവടെ ചേർത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കൂ. (ശരിയായ കള്ളത്തിൽ ✓ ചെയ്യുക)

| | വേരുപടലം | | സിരാവിന്യാസം | | ബീജപത്രങ്ങളുടെ എണ്ണം | |
|---|---|---|---|---|---|---|
| | തായ്‌വേരു പടലം | നാരുവേരു പടലം | ജാലികാ സിരാ വിന്യാസം | സമാന്തര സിരാ വിന്യാസം | 1 | 2 |
| വിത്ത് 1 | | | | | | |
| വിത്ത് 2 | | | | | | |

ബി) വിത്തുമുളയ്ക്കുമ്പോൾ ആദ്യം പുറത്തുവരുന്ന ഭാഗം.

സി) ബീജശീർഷം വളർന്ന് സസ്യത്തിന്റെ ഏതു ഭാഗമായി മാറുന്നു? ശരിയുത്തരം ✓ ചെയ്യുക.

പൂവ് ☐ കാണ്ഡം ☐

ഇല ☐ വേര് ☐

പ്രവർത്തനം 5

## സ്വാതന്ത്ര്യസമര ചരിത്രം

ഈ വർഷത്തെ സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി സ്കൂളിൽ നടന്ന ചിത്രപ്രദർശനത്തിൽ കണ്ട ഒരു ചിത്രം ചുവടെ കൊടുത്തിരിക്കുന്നു.



ചിത്രവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ മിന്നു തന്റെ ഡയറിയിൽ കുറിച്ചിരിക്കുന്നത് വായിക്കൂ.

- ആൾക്കൂട്ടത്തിനുനേരെ വെടിവയ്ക്കുവാൻ ജനറൽ ഡയർ ഉത്തരവിട്ടു.
- നൂറുകണക്കിന് ഇന്ത്യക്കാർക്ക് ജീവൻ നഷ്ടപ്പെട്ടു.
- 1919 ഏപ്രിൽ 13 ന്.
- ബ്രിട്ടീഷ് അതിക്രമങ്ങൾക്കെതിരെ സമാധാനപരമായി പ്രതിഷേധിച്ച സമ്മേളനം.
- പഞ്ചാബിലെ ജാലിയൻവാലാബാഗ് മൈതാനം.
- ഇന്ത്യക്കാർക്കെതിരെയുള്ള ബ്രിട്ടീഷുകാരുടെ ക്രൂരത.

എ) ഡയറിയിലെ സൂചനകൾ ഉപയോഗിച്ച് ഈ സംഭവത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കൂ. ഉചിതമായ തലക്കെട്ട് കൂടി നൽകണം.

ബി) ചിത്രവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ കണ്ടെത്തി വരച്ചു യോജിപ്പിക്കൂ.









ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നറിയപ്പെടുന്നു

ഇന്ത്യയുടെ ആദ്യ രാഷ്ട്രപതി


നവംബർ 14 ന് ജനിച്ചു. ചാച്ചാജി എന്നറിയപ്പെടുന്നു

കേരളഗാന്ധി എന്നറിയപ്പെടുന്നു

പ്രവർത്തനം 6

**മിന്നുവിന്റെ ചിത്രശേഖരം**

തന്റെ ശേഖരണപുസ്തകത്തിൽ ഒട്ടിക്കാനായി മിന്നു ശേഖരിച്ച ചിത്രങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.



എ) ചിത്രത്തിലെ ജീവികളെ ചുവടെ നൽകിയിരിക്കുന്ന പട്ടികയിൽ തരം തിരിക്കൂ.

| കരയിൽ മാത്രം ജീവിക്കുന്നവ | വെള്ളത്തിൽ മാത്രം ജീവിക്കുന്നവ | കരയിലും വെള്ളത്തിലും ജീവിക്കുന്നവ |
|---|---|---|
| .................... | മത്സ്യം | |
| .................... | .................... | .................... |
| .................... | .................... | |

ബി) മത്സ്യത്തിന് വെള്ളത്തിൽ ജീവിക്കുന്നതിന് സഹായകമായ ശാരീരിക സവിശേഷതകൾ എന്തെല്ലാം?